**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **06-10-2025 - ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. പരിഷ്കരണത്തിന്റെ നികുതി ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. പരിഷ്കരണത്തിന്റെ ഫലമായുള്ള നികുതി ഇളവുകൾ ഉണഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുവാൻ ജി. എസ്. ടി. നിയമത്തിൽ എന്തൊക്കെ വ്യവസ്ഥകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി. നിയമ സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണവേളയിൽ രജിസ്ട്രേഷനുള്ള ഒരു നികുതിദായകൻ പ്രസ്തുത നിയമത്തിൻ കീഴിലെ നോട്ടിഫിക്കേഷനുകൾ പ്രകാരമുള്ള നിരക്കുകൾ ഈടാക്കാതിരിക്കുകയോ തെറ്റായ നിരക്ക് ഈടാക്കുകയോ ചെയ്തു എന്ന് കണ്ടെത്തിയാൽ നിയമത്തിലെ സെക്ഷൻ 74A പ്രകാരം നികുതി തിരിച്ചുപിടിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതും ഈ പ്രവൃത്തി ചെയ്തത് ടി നികുതിദായകന്റെ ബോധ്യത്തോടുകൂടിയുമാണ് എന്ന് കണ്ടെത്തിയാൽ പിഴ ഈടാക്കുന്നതിനുമുള്ള വ്യവസ്ഥകളും നിയമത്തിൽ ഉണ്ട്.<br><br>ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ കേരളം കൂടി മുൻകൈ എടുത്താണ് "ആന്റി പ്രോഫിറ്ററിങ് മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ, 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം 2025 ഏപ്രിൽ മുതൽ ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. |
| (ബി) | ഉണഭോക്താക്കൾക്ക് നികുതിയിളവുകൾ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | 56-ാമത് ജി.എസ്.ടി. കൗൺസിലിൽ നിലവിലുള്ള ജി.എസ്.ടി. നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും, അതിൻ പ്രകാരം 12%, 28% നിരക്ക് ബാധകമായ നിരവധി ചരക്കുകളുടെയും സേവനങ്ങളുടെയും നിരക്കുകൾ 5%, 18% നിരക്കുകളിലേക്ക് കുറച്ചുകൊണ്ടുവരുകയും, ഉയർന്ന മൂല്യമുള്ള വാഹനങ്ങൾ, എയ്റേറ്റഡ് ഡ്രിങ്ക്സ്, ലോട്ടറി തുടങ്ങിയ ഏതാനും സാധനങ്ങളെ മാത്രം സ്പെഷ്യൽ റേറ്റ് ആയ 40% നിരക്കിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഏതൊരു പരിഷ്കാരത്തിന്റെയും പ്രയോജനം സാധാരണ ജനങ്ങൾക്ക് അനുഭവവേദ്യമാകണം എന്ന ശക്തമായ |

| | | | |
|---|---|---|---|
| | | | നിലപാടാണ് കേരളം കൗൺസിലിൽ കൈക്കൊണ്ടത്.<br><br>ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ, കേരളം കൂടി മുൻകൈ എടുത്താണ് 'ആന്റി പ്രോഫിറ്ററിങ്' മെക്കാനിസം നിയമത്തിൽ ഉൾക്കൊള്ളിച്ചത്. എന്നാൽ, 53-ാം ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ തീരുമാനിക്കപ്പെട്ടത് പ്രകാരം 2025 ഏപ്രിൽ മുതൽ ഈ സംവിധാനം നിർത്തലാക്കപ്പെട്ടു. പ്രസ്തുത വേളയിൽ കേരളം ഇത് സംബന്ധിച്ച ആശങ്കകൾ പങ്കുവയ്ക്കുകയും നിർത്തലാക്കപ്പെടുന്ന ആന്റി പ്രോഫിറ്ററിങ് സംവിധാനത്തിന് പകരമായി ബദൽ സംവിധാനം വേണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ